പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1714

25.03.2013-ൽ മറുപടിക്ക്.

## കോടതികളിലെ വ്യവഹാര ഭാഷ മലയാളമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഭരണഭാഷ മാതൃഭാഷയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായി, കോടതികളിലെ വ്യവഹാര ഭാഷ മലയാള മാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;<br><br>(ബി കോടതികളിലെ വ്യവഹാര ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ചുളള നിലപാട് വ്യക്തമാക്കുമോ; | : (എ) & (ബി)<br><br>കോടതി ഭാഷ മലയാളം ആക്കുന്നത് സംബന്ധിച്ച് ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മിറ്റി ശുപാർശകൾ സമർപ്പിച്ചിരുന്നു. ഹൈക്കോടതി ജഡ്ജിമാരുടെ ഒരു കമ്മിറ്റി ടി ശുപാർശകൾ പരിശോധിച്ച് ഇതിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് കൂടിയാലോചനകൾ നടന്നുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീം കോടതി വിധിന്യായങ്ങളും ഹൈക്കോടതി വിധിന്യായങ്ങളും മറ്റും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിക്കൊണ്ട് ഒരു മലയാള നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത നിയമങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത് ലഭ്യമാക്കുന്നതിനും 1987-ൽ നിയമ വകുപ്പ് പ്രസിദ്ധീകരിച്ച 'നിയമ ശബ്ദാവലി' ഔദ്യോഗികഭാഷാ വകുപ്പിന്റെ പങ്കാളിത്തത്തോടെ പരിഷ്ക്കരിക്കുന്നതിനും മറ്റ് അനുബന്ധ ചുമതലകൾക്കുമായി 'നിയമ (ഔദ്യോഗിക ഭാഷാ-പ്രസിദ്ധീകരണ സെൽ) വകുപ്പ്' എന്ന പേരിൽ സ.ഉ.(കയ്യെഴുത്ത്) നമ്പർ:78/2012/നിയമം തീയതി 02.03.2012 പ്രകാരം ഒരു പുതിയ വകുപ്പ് നിയമ വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. |
| (സി) നിയമങ്ങളും കോടതി-യുത്തരവുകളും മലയാളത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | : (സി) ബഹു.കേരളാ ഹൈക്കോടതി സർക്കുലർ നമ്പർ:7/73 പ്രകാരം സബോർഡിനേറ്റ് ജുഡീഷ്യൽ ഓഫീസർമാർക്ക് വിധിന്യായങ്ങൾ മലയാളത്തിലും എഴുതാം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(മറുപുറം)

(ഡി) ജുഡീഷ്യറി നേരിട്ടു നടത്തുന്ന നിയമനങ്ങൾക്ക് മാതൃഭാഷാ-യോഗ്യത നിർബന്ധിതമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ-യെന്നറിയിക്കുമോ?

: (ഡി) ഇക്കാര്യം ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ